# പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14. 10.12.2012 ന് മറുപടിയ്ക്ക്.

## ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് നടപ്പാക്കിയ ഇക്കോ ടൂറിസം പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നല്കുമോ ; | (എ) വനം വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചും, ടൂറിസം വകുപ്പിൽ നിന്നും കിട്ടുന്ന ധനസഹായം ഉപയോഗിച്ചും ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇക്കോടൂറിസം പദ്ധതികളുടെ ഭാഗമായി ടൂറിസ്റ്റുകൾക്കാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക, വാഹന പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പ്രവേശന ടിക്കറ്റ് കൗണ്ടറുകൾ കമ്പ്യൂട്ടർവൽക്കരിക്കുക, വനസമ്പത്ത് നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി ട്രക്കിംഗ്, ബോട്ടിംഗ്, പ്രകൃതിപഠന ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതി പ്രവർത്തനങ്ങൾ. വനം വകുപ്പ് ഇക്കോടൂറിസം പദ്ധതികൾ 53 സ്ഥലങ്ങളിൽ നടപ്പിലാക്കി വരുന്നു. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ പങ്കാളിത്ത വനപരിപാലനത്തിലൂടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇക്കോടൂറിസം സെന്ററുകളിലെ സന്ദർശകരിൽ നിന്നും ശേഖരിക്കുന്ന സർവ്വീസ് ചാർജ്ജ്, പാർക്കിംഗ് ഫീസ് എന്നിവ ഉൾപ്പെടുത്തി പുഴ-വന സംരക്ഷണനിധി രൂപീകരിച്ചിട്ടുണ്ട്. ഈ ഫണ്ട് വനസംരക്ഷണം, പരിസ്ഥിതി വിദ്യാഭ്യാസം, ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി പ്രയോജനപ്പെടുത്തുന്നു. |
| (ബി) ഈ പദ്ധതികളുടെ ഇവാല്വേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതികളുടെ ഇവാല്വേഷൻ നടത്തിയിട്ടില്ല. |

| | |
|---|---|
| (സി)ആദിവാസികൾക്ക് ഈ പദ്ധതിയിൽ പങ്കാളിത്തം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രത്തോളമെന്നും, എത്ര കുടുംബങ്ങൾക്ക് ഇതുമൂലം പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) ആദിവാസികൾക്ക് ഈ പദ്ധതിയിൽ പങ്കാളിത്തം നൽകിയിട്ടുണ്ട്. വനാശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കലാണ് ഇക്കോടൂറിസത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട് 10 മുതൽ 25 വരെ വരുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള വന സംരക്ഷണ സമിതികളിലേയോ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലേയോ അംഗങ്ങൾ ഗൈഡുകളായി പ്രവർത്തിക്കുന്നു. ഇവർക്ക് പുഴ-വന സംരക്ഷണ നിധിയിൽ നിന്നും വേതനം നൽകുന്നു. പരമാവധി സ്ത്രീകളെ ഈ പ്രവർത്തികൾക്കായി നിയോഗിക്കുന്നു. കൂടാതെ ഇക്കോടൂറിസം പദ്ധതി പ്രദേശത്ത് ആദിവാസി സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മൂല്യ വർദ്ധിത തടിയേതര വനവിഭവങ്ങളുടേയും, കരകൗശല വസ്തുക്കളുടേയും വിപണനത്തിനായി ഇക്കോ ഷോപ്പുകളും പ്രവർത്തിക്കുന്നു. ഇക്കോടൂറിസം പദ്ധതി നടപ്പാക്കുക വഴി ഏകദേശം 500-ഓളം (അഞ്ഞൂറോളം) ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ